പോളിടെക്നിക്കുകൾ നവീകരിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും പദ്ധതി

103 [3086] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകൾ നവീകരിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും സാങ്കേതിക വിദ്യയിലുണ്ടായിട്ടുള്ള നൂതനമാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതിയ കോഴ്സുകൾ ഈ അദ്ധ്യയനവർഷംതന്നെ ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പോളിടെക്നിക്കുകളിലാണ് ഈ വർഷം പുതിയ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ മേഖലയിൽ എന്തു തുക വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി സാങ്കേതികവിദ്യയിൽ ഉണ്ടായിട്ടുള്ള നൂതന മാർഗ്ഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 3 വർഷ ഡിപ്ലോമാ കോഴ്സിന്റെ എല്ലാ ബ്രാഞ്ചുകളിലേയും സിലബസ് 2003-2004 വർഷത്തിൽത്തന്നെ പരിഷ്കരിച്ചിരുന്നു. അത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജ് കോട്ടക്കലിൽ ഈ വർഷം ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എന്നീ ഡിപ്ലോമാ കോഴ്സുകൾ (60 സീറ്റുവീതം) നടത്തുന്നതിന് 2005-2006 വർഷത്തേക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആറ്റിങ്ങലിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് (40 സീറ്റ്) തുടങ്ങുന്നതിന് എ.ഐ.സി.റ്റി.ഇ. 2005-2006 വർഷത്തേക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ കോഴ്സുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പണം ഉപയോഗപ്പെടുത്തി ആധുനിക ഉപകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ മുതലായവ വാങ്ങുന്നതിനും മൈനർ വർക്സ് ഹെഡ്സിലുള്ള പണം ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും മേജർ വർക്സിന്റെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് കെട്ടിടം പണികൾ നടത്തുന്നതിനും ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly